# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:63

30.01.2019-ലെ മറുപടി

## കേരള വാട്ടർ അതോറിറ്റി നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.വി.എസ്.ശിവകുമാർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | 2016-17 ബജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതി തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് 2015-16 വരെ വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള വായ്പ തുകയായ 2281.57 കോടി രൂപ മൂലധനമാക്കി മാറ്റാനും അതിന്റെ പലിശയായി 1449.85 കോടി രൂപ എഴുതി തള്ളാനുമുള്ള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം പരിശോധിച്ചു വരുന്നു.<br><br>30.9.2018 വരെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജിനത്തിലുള്ള കുടിശ്ശികയായി കെ.എസ്.ഇ.ബിയ്ക്ക് നൽകാനുള്ള 1326.69 കോടി രൂപ 2019-20 മുതൽ 4 വർഷങ്ങളിലായി 4 ഗഡുക്കളായി തീർപ്പാക്കാൻ 14.01.2019-ൽ ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകാനുള്ള വെള്ളക്കര കുടിശ്ശിക 6% പലിശയിനത്തിൽ പുനക്രമീകരിച്ച്, അതിന്റെ ആദ്യ ഗഡുവായി 77.64 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റിൽ നിന്ന് കുറവ് വരുത്തി വാട്ടർ അതോറിറ്റിയ്ക്ക് നൽകാനും ആ തുക കെ.എസ്.ഇ.ബിയ്ക്ക് നൽകാനുള്ള വൈദ്യുത ചാർജ്ജ് കുടിശ്ശിക തീർക്കുന്നതിന് ഉപയോഗിക്കാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>എല്ലാ വർഷവും പുതിയ 2 ലക്ഷം വാട്ടർ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | കണക്ഷനുകൾ നൽകാനാണ് വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്. ഇതു വഴി വരുമാന വർദ്ധനവ് ഉദ്ദേശിക്കുന്നു.<br><br>വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2017-18 സാമ്പത്തിക വർഷം മുൻ വർഷത്തേക്കാൾ 46 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികമായി പിരിച്ചെടുത്തു.<br><br>പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനു വേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | കേരള വാട്ടർ അതോറിറ്റിയിൽ ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനവും ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനവും ആരംഭിച്ചിട്ടുണ്ടോ; ഇതുമൂലം വാട്ടർ അതോറിറ്റിയ്ക്കുണ്ടായ സാമ്പത്തിക നേട്ടം എന്താണ്; വിശദമാക്കാമോ; | (ബി) | ഇല്ല; ഈ സമ്പ്രദായം സർക്കാർ വകുപ്പുകൾക്കു മാത്രമാണ് ഉള്ളത്. പകരം മറ്റു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; ചോദ്യം ഉദിക്കുന്നില്ല. |
| (സി) | കിഫ്ബിയുടെ ധനസഹായത്തോടെ വാട്ടർ അതോറിറ്റി നടത്തുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന നിർദ്ദേശം നടപ്പിലായിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) | ഇതിനായി കൃത്യമായ അവലോകന യോഗങ്ങൾ വിവിധ തലങ്ങളിൽ നടത്തിവരുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനായി ജല അതോറിറ്റി ഹെഡ് ഓഫീസിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക യൂണിറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിനു റീജിയണൽ ചീഫ് എഞ്ചിനീയർമാരുടെ ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടെണ്ടർ നിബന്ധനകളിൽ ആവശ്യമായ ചില ഭേദഗതികൾ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | വരുത്തി ടെൻഡർ നടപടികൾ കാലതാമസം കൂടാതെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രീക്വാളിഫി ക്കേഷന് ശേഷം പ്രൈസ് ബിഡ് തുറന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ നേരിട്ട് മാനേജിംഗ് ഡയറക്ടറുടെ ഓഫീസിലേയ്ക്ക് അയക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പാക്കിയതിനാൽ കുറഞ്ഞ സമയത്തിനകം ടെണ്ടർ നടപടികൾ സ്വീകരിക്കാനും സാധിച്ചിട്ടുണ്ട്. |
| (ഡി) | നിലവിലുള്ള സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ നടത്തിപ്പിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | ഉണ്ട്;<br>1. എല്ലാ വർഷവും പുതിയ 2 ലക്ഷം വാട്ടർ കണക്ഷനുകൾ നൽകാൻ ഉദ്ദേശിക്കുന്നു.<br>2. വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2017-18 സാമ്പത്തിക വർഷം മുൻ വർഷത്തേക്കാൾ 46 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികമായി പിരിച്ചെടുത്തു.<br>3. ഓരോ പദ്ധതിയും വരവു ചെലവു കണക്കാക്കി, കാര്യ ക്ഷമത വിലയിരുത്തി, വരുമാനച്ചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു.<br>4. പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനു വേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**